## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം:ADFW/6266/2023/ATMA തീയതി :03-06-2023

## സർക്കുലർ

വിഷയം:- വാർഷിക പദ്ധതി 2023-24- 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ'- 'കൃഷി ദർശൻ' പരിപാടി സംഘടിപ്പിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) വാർഷിക പദ്ധതി 2023-24

2) 25/04/2023-ലെ സ.ഉ (സാധാ) നം. 383/2023/കൃഷി.

3) 12.08.2022 -ലെ സ.ഉ.(സാധാ) നം.738/2022/അഗ്രി നമ്പർ ഉത്തരവ്.

സൂചന (1) വാർഷിക പദ്ധതി പ്രകാരം 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിക്ക് 2401-00-109-80 പ്ലാൻ ശീർഷകത്തിൽ 3028 ലക്ഷം രൂപ ബജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട്. സൂചന 2 സർക്കാർ ഉത്തരവ് പ്രകാരം ''കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം 1065 ലക്ഷം രൂപക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളതിൽ 'കൃഷി ദർശൻ' എന്ന ഘടകത്തിന് 210 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സൂചന (3) പ്രകാരം 2022-23 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കേരള കാർഷിക സർവ്വകലാശാല സാങ്കേതിക വിദഗ്ധരും സർവ്വകലാശാല വിദ്യാർത്ഥികളും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ഫീൽഡ്തലത്തിൽ തന്നെ കർഷകരുടെ പ്രശ്നങ്ങൾ കഴിവതും പരിഹരിക്കുകയും ചെയ്യുന്നു.

### ലക്ഷ്യങ്ങൾ

1. കൃഷിയിട സന്ദർശനങ്ങൾ ശക്തിപ്പെടുത്തി കർഷകരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനുള്ള പാതകൾ ഏകോപിപ്പിക്കുക.
2. പുതിയ സാങ്കേതിക വിദ്യകളും നവീന കൃഷി രീതികളും നടപ്പിലാക്കുക വഴി ഭക്ഷ്യ പോഷക സുരക്ഷ ഉറപ്പാക്കിക്കൊണ്ട് കർഷക വരുമാനം ഇരട്ടിയാക്കുക.
3. കാർഷികമേഖലയുടെ ഉന്നമനത്തിനുള്ള വിവിധ ലക്ഷ്യങ്ങളുടെ ഏകോപനത്തിലൂടെ നിക്ഷേപ സൗഹൃദമാക്കി പ്രധാന തൊഴിൽ വരുമാന സ്രോതസ്സാക്കുക.
4. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി കാർഷിക മേഖലയെ വൈവിദ്ധ്യവൽക്കരിക്കുക.
5. ഉൽപ്പാദനം മുതൽ സംസ്കരണം വരെയുള്ള വാല്യൂ ചെയിൻ വികസിപ്പിക്കുക,
6. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉയർന്ന സേവന ശൃംഖല ലഭ്യമാക്കുക.

### പദ്ധതി പ്രവർത്തനം / നടത്തിപ്പ്

- ഭരണപരമായ നടത്തിപ്പ് സൗകര്യാർത്ഥം **ഒരു ബ്ലോക്കിലോ ഒരു നിയോജകമണ്ഡലത്തിലോ** കൃഷി ദർശൻ പരിപാടി നടത്തുന്നതിന് **പരമാവധി 15 ലക്ഷം രൂപ** ചെലവാക്കാവുന്നതാണ്. കാർഷിക വികസന സമിതിയുടെയും ജനപ്രതിനിധികളുടെയും അംഗീകാരത്തോടു കൂടി കാർഷിക പ്രാധാന്യമുള്ള ഒരു ബ്ലോക്ക് / നിയോജക മണ്ഡലം കൃഷി ദർശൻ പരിപാടി നടത്തുന്നതിലേക്കായി തിരഞ്ഞെടുക്കേണ്ടതാണ്. ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ക്ക് ആയിരിക്കും പദ്ധതിയുടെ ചുമതല. കൃഷി ഓഫീസർ കൺവീനർ ആയും പ്രോജക്ട് ഡയറക്ടർ(ആത്മ) കോ-കൺവീനർ ആയും 10-15 പേർ അടങ്ങുന്ന ഒരു ടീം ആയിരിക്കും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ട സജ്ജീകരണങ്ങൾ ഒരുക്കേണ്ടത്.
- **പ്രമേയം(Theme)**: ഒരോ കൃഷിദർശൻ പരിപാടിയ്ക്കും ഒരു പ്രമേയം ഉണ്ടായിരിക്കേണ്ടതാണ്. പ്രാദേശിക കാർഷിക മേഖലയ്ക്ക് പ്രധാന്യം നൽകുന്ന പ്രമേയങ്ങളാണ് തെരെഞ്ഞടുക്കേണ്ടത്. സ്ഥലത്തെ കർഷകരെയും കൃഷി രീതികളെയും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പരിപാടികളായിരിക്കണം ഇതിൽ

ഉൾപ്പെടുത്തേണ്ടത്. കഴിവതും മൂല്യവർദ്ധനവിനേറയും സംസ്കരണത്തിന്റേയും വിപണനത്തിന്റെയും പുതിയ സാധ്യതകളും പുത്തൻ അറിവും കർഷകർക്ക് പകർന്നു നൽകുന്ന പ്രമേയം തിരഞ്ഞെടുക്കുന്നതാണ് അഭികാമ്യം.

- **വേദി**- കർഷകർക്ക് എത്തിച്ചേരാൻ വാഹനസൗകര്യമുള്ളതും അവർക്ക് ഒത്തുകൂടുവാനും പ്രദർശനം ഒരുക്കുവാനും ഉള്ള സ്ഥലവിസ്തൃതിയുള്ളതുമായ വേദി ബന്ധപ്പെട്ടവരുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കേണ്ടതാണ്.
- പരിപാടിയുടെ ദൃശ്യ/ശ്രാവ്യ/അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണവും, പൂർണ്ണമായ ഡോക്യുമെന്റേഷനും **ഫാം ഇൻഫർമേഷൻ ബ്യൂറോ** നടത്തേണ്ടതാണ്.
- ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സഹായകമാകും വിധം വിവിധ ജനകീയ **കമ്മിറ്റികൾ** രൂപീകരിച്ച് അറിയിക്കേണ്ടതാണ്.
- ഓരോ ദിവസത്തെയും കാര്യപരിപാടികൾ മുൻകൂട്ടി ഡയറക്ടറേറ്റിൽ സർക്കാർ അംഗീകാരത്തിനായി കൃഷി ഡയറക്ടറെ അറിയിക്കേണ്ടതാണ്.
- ഈ പരിപാടി നടത്തുന്നതിന് പ്രതീക്ഷിക്കുന്ന വരവ് ചെലവ് കണക്കുകൾ മുൻകൂട്ടി തിട്ടപ്പെടുത്തി ഒരു വിശദമായ പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ അയച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ഒരു ബ്ലോക്കിലോ ഒരു നിയോജകമണ്ഡലത്തിലോ കൃഷി ദർശൻ പരിപാടി നടത്തുന്നതിന് **പരമാവധി 15 ലക്ഷം** രൂപ ചെലവാക്കാവുന്നതാണ്
- കൂടുതൽ കർഷകരിലേയ്ക്ക് ഈ പരിപാടി എത്തിക്കുവാനും സ്വീകാര്യത ഉറപ്പ വരുത്തുവാനുമായി ചെറിയ രീതിയിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പി ക്കാവുന്നതാണ്.
- പ്രസ്തുത പരിപാടി നടത്തിപ്പിനായി സമീപജില്ലകളിൽ നിന്നും മറ്റ് വകുപ്പുകളിൽ നിന്നും വാഹനസൗകര്യം ആവശ്യപ്പെടാവുന്നതാണ്. സമീപജില്ലകളിലെ കർഷകർക്ക് താൽപര്യമുണ്ടെങ്കിൽ ഈ പരിപാടിയിൽ പങ്കെടുക്കുവാനുള്ള സൗകര്യം ഒരുക്കാവുന്നതാണ്.

കൃഷി ദർശൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

- <u>**കാർഷിക-ഭക്ഷ്യ-ശാസ്ത്ര സാങ്കേതിക എക്സിബിഷൻ**</u> കൃഷിദർശൻ പരിപാടിയുടെ ഭാഗമായുള്ള കാർഷിക-ഭക്ഷ്യ-ശാസ്ത്ര സാങ്കേതിക എക്സിബിഷനിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും, കേരള കാർഷിക സർവ്വകലാശാലയും, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും സജീവമായി പങ്കെടുക്കേണ്ടതാണ്. പ്രദേശത്തെ FPO തുടങ്ങിയ ഗ്രൂപ്പുകളെയും പങ്കെടുപ്പിക്കാവുന്നതാണ്. കൂടാതെ പ്രൈവറ്റ് സ്ഥാപനങ്ങളേയും സ്റ്റാളുകളുടെ ലഭ്യത അനുസരിച്ച് പങ്കെടുപ്പിക്കാവുന്നതാണ്.
- <u>**കർഷക അദാലത്ത്**</u> ബ്ലോക്കിലെ / നിയോജക മണ്ഡലത്തിലെ കർഷകരെ നേരിട്ട് കേട്ട് പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക അദാലത്ത് നടത്തേണ്ടതാണ്. അദാലത്തിനായി അപേക്ഷ സ്വീകരിക്കുന്ന തീയതി വ്യാപകമായ പരസ്യം നൽകി കർഷകരിൽ എത്തിക്കേണ്ടതാണ്. കർഷകർക്ക് പരാതികൾ ഓൺലൈൻ ആയോ നേരിട്ട് കൃഷി ഭവൻ മുഖാന്തരമോ സമർപ്പിക്കുവാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്. കർഷകരിൽ നിന്നുമുള്ള പരാതികൾ സ്വീകരിക്കുന്നതിന് കർഷകർക്ക് മതിയായ സമയം നൽകി നിശ്ചിത തീയതികൾ തീരുമാനിക്കേണ്ടതാണ്. പരാതി സമർപ്പിക്കേണ്ട തീയതി ഡയറക്ടറേറ്റിൽ മുൻകൂട്ടി അറിയിച്ച്, ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. പരാതി സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ Annexure 1-ൽ ചേർത്തിട്ടുണ്ട്. ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കൃഷിഭവൻ തലത്തിലും A D A തലത്തിലും പരിഹാര നിർദ്ദേശം തയ്യാറാക്കി ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിവിധ വകുപ്പുകളുമായി ചേർന്ന് പരിഹാരം നിർദ്ദേശിക്കേണ്ടവ ഡയറക്ടറേറ്റിൽ അറിയിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അദാലത്തിൽ കൃഷി വകുപ്പ് മന്ത്രി നേരിട്ട് കർഷകരെ കേട്ട് , പ്രശ്ന പരിഹാര ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമാണ്

- **ഉദ്യോഗസ്ഥരുമായുള്ള അവലോകന യോഗങ്ങൾ / ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ച**
  ജില്ലയിലെ കൃഷി ഉദ്യോഗസ്ഥരെ കൃഷി വകുപ്പ് മന്ത്രി നേരിട്ട് കണ്ട് പദ്ധതി പുരോഗതി വിലയിരുത്തും. ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ, ഞങ്ങളും കൃഷിയിലേയ്ക്ക്, ഫാം പ്ലാൻ പ്ലോട്ടുകൾ, കൃഷിക്കൂട്ടങ്ങളുടെ സ്ഥിതി, കാർഷിക പ്രശ്നങ്ങൾ, പദ്ധതി നടത്തിപ്പ് പ്രശ്നങ്ങൾ എന്നിവയും അവലോകനം ചെയ്യും. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളും ഉദ്യോഗസ്ഥരുമായി കൂടക്കാഴ്ച നടത്തി കാർഷിക മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ മന്ത്രി വിലയിരുത്തും. കൃഷി വകുപ്പിന്റെ പദ്ധതികളും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കാർഷിക മേഖലയിലെ പദ്ധതികളും ഏകോപിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്. മേൽ യോഗത്തിൽ ജില്ലാ കളക്ടർ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, ജില്ലയിലെ ബാങ്കുകളുടെ മേധാവികൾ എന്നിവരുടെ സാന്നിധ്യം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഉറപ്പ വരുത്തേണ്ടതാണ്.

- **കൃഷിക്കൂട്ട സംഗമം** കൃഷിക്കൂട്ട സംഗമത്തിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രി, എം.പി, ജില്ലയിലെ എം.എൽ.എ മാർ, ജില്ലാ കളക്ടർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റമാർ, ബ്ലോക്കിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രതിനിധി കർഷക പ്രതിനിധികൾ, എന്നിവരുടെ സാന്നിധ്യം ഉറപ്പ വരുത്തേണ്ടതുമാണ്.

- **പുരസ്കാരങ്ങൾ** ജില്ലയിലെ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന കൃഷി/മണ്ണ് സംരക്ഷണ (കൃഷി അസിസ്റ്റന്റ് മുതൽ അസിസ്റ്റന്റ് ഡയറക്ടർ തുല്യമായ തസ്തിക വരെയുള്ള) ഉദ്യോഗസ്ഥർക്കും, പാരിതോഷിക/കരാർ/താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കും പുരസ്കാരം നൽകി അംഗീകരിക്കാവുന്നതാണ്. നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കാർഷിക കർമ്മസേനാംഗം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, കർഷക/കർഷകൻ/കുട്ടി കർഷകൻ, ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷി രീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, ഫാം പ്ലാൻ പ്ലോട്ട്, PACS എന്നിങ്ങനെ പുരസ്കാരങ്ങൾ നൽകാവുന്നതാണ്.

- **B2B മീറ്റ്** B2B മീറ്റിൽ കാർഷികോല്പ്പാദകർക്കും വ്യവസായ സംരംഭകർക്കും സംവദിക്കാനും ഒത്തു ചേരാനുമുള്ള അവസരമൊരുക്കേണ്ടതാണ്. പ്രാദേശികമായിട്ടുള്ള കാർഷിക മേഖലയിലെ സംരംഭകരെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവരെയും B2B മീറ്റിൽ പങ്കെടുപ്പിക്കണം. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നവസംരംഭകർക്കു മുന്നിൽ കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും വ്യവസായത്തിനും പുതിയ സാദ്ധ്യതകൾ നൽകാൻ B 2 B യ്ക്ക് കഴിയണം. ബ്ലോക്ക്/നിയോജക മണ്ഡലത്തിലെ ചെറുകിട കാർഷിക സംരംഭങ്ങളുടെയും FPO കളുടെയും തദ്ദേശീയ ഉല്പന്നങ്ങൾ ഭൗമ സൂചിക ലഭിച്ച ഉല്പന്നങ്ങൾ സംസ്കരിച്ചതും മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവയുടെ പ്രദർശനം B2B യോട് അനുബന്ധിച്ച് നടത്താവുന്നതാണ്. ഉത്പ്പാദകരുടെയും വ്യവസായികളുടെയും സംവാദം സംഘടിപ്പിക്കുകയും ഉല്പാദകരുടെയും വിപണനക്കാരുടെയും കൂട്ടായ്മ രൂപീകരിക്കുകയും ചെയ്യാവുന്നതാണ്.

- **ഡി.പി.ആർ. ക്ലിനിക്** കാർഷിക സംരംഭകർക്കു വേണ്ടിയുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിന് വേണ്ടിയാണ് ഡി.പി.ആർ. ക്ലിനിക് സംഘടിപ്പിക്കുന്നത്.

- **കൃഷി വകുപ്പ് മന്ത്രിയുടെ കൃഷിയിട സന്ദർശനം** ഓരോ ബ്ലോക്കിലെയും കാർഷിക വൈവിദ്ധ്യം മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലാകണം കൃഷിയിട സന്ദർശനം രൂപകൽപ്പന ചെയ്യേണ്ടത്. ഓരോ കൃഷി ഭവനിലേയും ഒരു കൃഷിയിടമെങ്കിലും സന്ദർശനത്തിനുവേണ്ടി തയ്യാറാക്കേണ്ടതാണ്.

കൃഷിയിടധിഷ്ഠിത ഉല്പാദന ആസൂത്രണ രേഖ (ഫാം പ്ലാൻ) പ്രകാരം കൃഷി ചെയ്യുന്ന കൃഷിയിടങ്ങൾക്ക് ഫീൽഡ് സന്ദർശനത്തിൽ മുൻഗണന നൽകേണ്ടതാണ്.

**സെമിനാറുകൾ** പ്രാദേശിക വിളകൾക്കായുള്ള മൂല്യവർദ്ധന രീതികൾ, പ്രാദേശിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങൾ ഇവയൊക്കെ ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ദ്ധർ നയിക്കുന്ന സെമിനാറുകൾ കർഷകർക്കായി സംഘടിപ്പിക്കേണ്ടതാണ്.

- **വിഷൻ2026** പദ്ധതി നടത്തുന്ന പ്രദേശത്തെ സംബന്ധിച്ച് പഠനം നടത്തി 2026-ലെ ഈ പ്രദേശത്തിന്റെ കാർഷിക വികസന പരിപ്രേക്ഷ്യം പ്രസിദ്ധീകരിക്കേണ്ടതാണ്.

**സാമ്പത്തിക വിശകലനം:**

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഘടകം | ആകെതുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2401-00-109-80 (P) | കൃഷിദർശൻ പരിപാടി സംഘടിപ്പിക്കൽ 15 ലക്ഷം രൂപ /കൃഷിദർശൻ നിരക്കിൽ) | 210 |

- **പദ്ധതി അവലോകനം**

സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർക്ക് (എക്സ്റ്റൻഷൻ) ആയിരിക്കും പദ്ധതിയുടെ മോണിറ്ററിങ് നടത്തേണ്ടത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് യഥാസമയം പ്രിൻസിപ്പൽ കൃഷി ഓഫീസർ അയക്കേണ്ടതാണ് .

ANJU K S IAS
DIRECTOR

To

എല്ലാ ആത്മ പ്രോജക്ട് ഡയറക്ടർമാർ/എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ

5/6/23

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33

പകർപ്പ്

1. കൃഷി ഡയറക്ടറുടെ റ്റി.എ
2. എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാരുടേയും സി.എ
3. എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാരുടേയും സി.എ
4. ഡയറക്ടർ, സമേതി
5. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
6. പ്ലാനിംഗ് സെക്ഷൻ

7. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT Cell) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

## ANNEXURE 1

കൃഷി ദർശൻ പരിപാടിയുമായി ബന്ധപ്പെട്ടു നടത്തുന്ന കർഷക അദാലത്തിൽ ഓൺലൈൻ ആയി പരാതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

www.aimsnew.kerala.gov.inഎന്ന വെബ്സൈറ്റ് മുഖേന ആണ് ഓൺലൈൻ ആയി പരാതികൾ നൽകേണ്ടത്.

**I. കൃഷി ദർശൻ ഓൺലൈൻ പരാതി സമർപ്പിക്കുന്ന വിധം - കർഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ ഐ.ഡി. ലഭ്യമായിട്ടുള്ള കർഷകർക്ക് മാത്രമേ ഓൺലൈൻ സംവിധാനം വഴി പരാതി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാത്ത കർഷകർ ആദ്യം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഐ.ഡി, പാസ്‌വേർഡ് എന്നിവ സ്വന്തമാക്കേണ്ടതാണ്. അതിനു ശേഷം സ്വന്തം ലോഗിൻ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. എയിംസ് 2.0 പോർട്ടലിലെ കർഷക ലോഗിനിൽ അപേക്ഷ സമർപ്പിക്കേണ്ടുന്ന കൃഷി ഭവന് കീഴിൽ ഒരു കൃഷിഭൂമിയുടെ വിവരങ്ങൾ എങ്കിലും നൽകിയിട്ടുള്ള കർഷകന് പരാതി ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. കർഷകർ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രൊഫൈലിൽ കുറഞ്ഞത് ഒരു സ്ഥലത്തിന്റെ എങ്കിലും വിവരങ്ങൾ ചേർക്കേണ്ടതാണ് (നികുതി രസീത് അപ്-ലോഡ് നിർബന്ധമല്ല).

3. പരാതി സമർപ്പിക്കുന്ന സമയത്ത് കർഷകന് വിവരങ്ങൾ ടൈപ്പ് ചെയ്തോ വെള്ളക്കടലാസിൽ പരാതി തയ്യാറാക്കി PDF രൂപത്തിൽ അപ്‌ലോഡ് ചെയ്തോ സമർപ്പിക്കാവുന്നതാണ്. പരാതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഫോട്ടോ ഉണ്ടെങ്കിൽ, അതും ഒപ്പം അപ്‌ലോഡ് ചെയ്യാവുന്നതാണ്.

4. പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ലോഗിനിലേയ്ക്ക് പരിശോധനയ്ക്കായി സമർപ്പിക്കപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെട്ട പരാതിയുടെ തൽസ്ഥിതി വിവരം കർഷക ലോഗിനിലെ My Applications എന്ന ഭാഗത്ത് കാണാൻ സാധിക്കുന്നതാണ്. പരാതി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് ആയതിന്റെ വിവരങ്ങളും ഇവിടെ കാണാൻ സാധിക്കുന്നതാണ്. പരാതി തീർപ്പ് കൽപ്പിക്കുന്ന സമയത്ത് കർഷകന്റെ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് SMS സന്ദേശം ലഭിക്കുന്നതാണ്.

**II. കൃഷി ദർശൻ ഓൺലൈൻ പരാതി പരിഹരിക്കുന്ന വിധം - ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ**

1. <u>കർഷകർ ഓൺലൈൻ ആയി സമർപ്പിക്കുന്ന പരാതികൾ പരിശോധിക്കുന്ന വിധം</u>

- കർഷകർ ഓൺലൈൻ ആയി സമർപ്പിക്കുന്ന പരാതികൾ കൃഷി ഓഫീസറുടെ ലോഗിനിൽ ലഭ്യമാകും.
- പ്രസ്തുത പരാതി പരിഹരിച്ച ശേഷം ആയതിന്റെ റിമാർക്സ് എൻട്രി വരുത്തിയ ശേഷം പരാതി തീർപ്പാക്കുന്നതിനായി ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യേണ്ടതാണ്.

2. <u>കർഷകർ കൃഷി ഭവനിൽ എഴുതി സമർപ്പിച്ച പരാതികൾ പോർട്ടലിൽ എൻട്രി വരുത്തി ആയത്</u>

<u>തീർപ്പാക്കുന്നവിധം</u>

- വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ കൃഷിഭവനിൽ നേരിട്ടോ ഇ-മെയിൽ വഴിയോ കർഷകർക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ കർഷകർ പരാതി സമർപ്പിക്കുമ്പോൾ കർഷകന്റെ സ്മാർട്ട് ഐ.ഡി. കൂടി വാങ്ങേണ്ടതാണ്.

- ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ അപ്‌ലോഡ് ചെയ്യേണ്ട ചുമതല ബന്ധപ്പെട്ട കൃഷിഭവനിലെ കൃഷി അസിസ്റ്റന്റുമാർക്ക് ആയിരിക്കും. പരാതി ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനോടൊപ്പം തന്നെ പരാതി പരിഹാരവുമായി ബന്ധപ്പെട്ട ശുപാർശകളും കൃഷി അസിസ്റ്റന്റുമാരുടെ ലോഗിൻ വഴി കൃഷി ഓഫീസർക്ക് സമർപ്പിക്കുവാൻ സാധിക്കും.

മേൽ പറഞ്ഞ 2 രീതികൾ വഴിയും കൃഷി ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൽ കൃഷി ഭവനുകളിൽ തീർപ്പ കൽപ്പിക്കാവുന്നതും അല്ലാത്തതുമായ അപേക്ഷകൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലേയ്ക്ക് ആവശ്യമായ റിമാർക്സ്, ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം സമർപ്പിക്കേണ്ടതാണ്.

കൃഷി ഭവനുകളിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും തീർപ്പ
കൽപ്പിക്കാവുന്ന പരാതികൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ക്ലോസ് ചെയ്യാവുന്നതാണ്. മേൽ ഓഫീസുകൾ പരാതി പരിഗണിക്കേണ്ടതുണ്ട്. എങ്കിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യമായ റിമാർക്സും ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

ജില്ലാ ഓഫീസ്, ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിൽ പരാതി പരിഗണിക്കുന്നത് യഥാക്രമം ആ ജില്ലയിലെ അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ, പബ്ലിക് റിലേഷൻ ഓഫീസർ എന്നിവർ ആയിരിക്കും. അവർ ബന്ധപ്പെട്ട സെക്ഷനുകളിലേയ്ക്ക് വിവരങ്ങൾ കൈമാറി ആവശ്യമായ മറുപടി പോർട്ടലിലേയ്ക്ക് നൽകേണ്ടതാണ്. ഈ തലങ്ങളിൽ ക്ലോസ് ചെയ്യാൻ കഴിയാത്ത പരാതികൾ സർക്കാരിലേയ്ക്ക് സമർപ്പിക്കാവുന്നതാണ്.

ANJU K S IAS

DIRECTOR

ഉള്ളടക്കം

1. മാതൃക അപേക്ഷ ഫാറം

2. യൂസർ മാന്വൽ

05/6/23

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33